## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4791 27/06/2014-ൽ മറുപടിയ്ക്ക്

# കൊട്ടാരക്കര മണ്ഡലത്തിൽ മണ്ണുസംരക്ഷണ വകുപ്പു മുഖേനയുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ണ് സംരക്ഷണ വകുപ്പ് മുഖേന കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ണ് സംരക്ഷണ വകുപ്പ് മുഖേന കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ മൂന്ന് പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>1. നബാർഡിന്റെ അടിസ്ഥാന സൗകര്യ വികസന നിധിയിൽ ഉൾപ്പെടുത്തി (ആർ.ഐ.ഡി.എഫ് 19-ാംഘട്ടം) വെളിയം ഗ്രാമ പഞ്ചായത്തിലെ 300 ഹെക്ടർ സ്ഥലത്തിന്റെ വികസനത്തിനായി 108 ലക്ഷം രൂപയുടെ മാലയിൽ പരുത്തിയറ നീർത്തട പദ്ധതിക്ക് ഭരണാനുമതി 26.04.2014-ൽ നൽകി.<br>2. 2013-14 സാമ്പത്തിക വർഷം കൊല്ലം ജില്ലാ പഞ്ചായത്തിന്റെ നെടുമ്പന ഡിവിഷനിൽ ഉൾപ്പെടുത്തി സെനിത്ത്മുക്ക് നടുക്കുന്ന് പട്ടികജാതി കോളനിയിലെ വികസന പ്രവർത്തനങ്ങൾക്ക് 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.<br>3. 2013-14 സാമ്പത്തിക വർഷം കൊല്ലം ജില്ലാ പഞ്ചായത്തിന്റെ പവിത്രേശ്വരം ഡിവിഷനിൽ ഉൾപ്പെടുത്തി പെരുമാവിൽ മുകളിൽ കിഴക്കേ മാറനാട് പട്ടികജാതി കോളനിയിലെ വികസന പ്രവർത്തനങ്ങൾക്ക് 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. |
| ബി) പ്രസ്തുത പദ്ധതികളുടെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ; | ബി) ആർ.ഐ.ഡി.എഫ് 19 ൽ അനുമതി ലഭിച്ച പദ്ധതി പ്രവർത്തനങ്ങൾ ജൂലൈ മാസത്തിൽ ആരംഭിക്കുന്നതാണ്. 2013-14 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്തിന്റെ അനുമതി ലഭിച്ച രണ്ടു പദ്ധതികളും പൂർത്തീകരിച്ചു. |

| | | |
|---|---|---|
| സി) | **മുൻ സർക്കാരിന്റെ ഭരണകാലത്ത് ആരംഭിച്ചതും തുടരുന്നതുമായ എത്ര പദ്ധതികളുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?** | സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഇളമാട് ഉമ്മന്നൂർ ഗ്രാമപഞ്ചായത്തുകളിലെ 400 ഹെക്ടർ പ്രദേശത്തിന്റെ വികസനത്തിനായി 92 ലക്ഷം രൂപയുടെ തേവന്നൂർ നീർത്തട പദ്ധതി അനുവദിച്ചിരുന്നു. നാളിതുവരെയായി 85.11 ലക്ഷം രൂപ ഈ പദ്ധതിയിൽ ചെലവഴിച്ചിട്ടുണ്ട്. |

Snehamol

**സെക്ഷൻ ഓഫീസർ**